**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **06-10-2025 - ൽ മറുപടിയ്ക്ക്**

**കടൽ മണൽ ഖനനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കടൽ മണൽ ഖനനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം ധാതുക്കൾ ശേഖരിക്കാനുള്ള അവകാശം സ്വകാര്യ മേഖലയ്ക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട് 2002 മുതൽ നിലവിലിരുന്ന ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റ്, 2023ൽ വരുത്തിയ ഭേദഗതിയിലൂടെയും തുടർന്ന് പുറപ്പെടുവിച്ച 2025-ലെ ഓഫ്ഷോർ ഏരിയാസ് അറ്റോമിക് മിനറൽസ് ഓപ്പറേറ്റിംഗ് റൈറ്റ് ചട്ടങ്ങളിലൂടെയും ഖനന മേഖലയിൽ സ്വകാര്യ മേഖലയ്ക്കും പങ്കാളിത്തം നൽകിയിട്ടുണ്ട്. അനധികൃതമായുള്ള ഓഫ്ഷോർ ധാതുക്കളുടെ ഖനനം, സംഭരണം, ഗതാഗതം എന്നിവ തടയുന്നതിനായി 01.06.2025 ൽ കരടായി വിജ്ഞാപനം ചെയ്ത Offshore Areas Mineral (Prevention of Illegal Mining and Transportation) Rules, 2025 ന്മേൽ അഭിപ്രായം ആരാഞ്ഞിട്ടുള്ളതും സംസ്ഥാനത്തിന്റെ അഭിപ്രായം 02.06.2025ൽ കേന്ദ്ര ഖനി മന്ത്രാലയത്തെ അറിയിച്ചിട്ടുള്ളതുമാണ്. 2025ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളുടെ കരടിൽ ഓഫ്ഷോർ ധാതു ശേഖരണത്തിനായുള്ള വ്യവസ്ഥകളിൽ സ്വകാര്യപങ്കാളിത്തത്തിനുള്ള വ്യവസ്ഥകളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമം മൂലം കരിമണലിന്റെ അവകാശം സംസ്ഥാന സർക്കാരിന് നഷ്ടമാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ, പ്രത്യേകിച്ച മണവാളക്കുറിച്ചി മുതൽ കായംകുളം വരെയുള്ള മേഖലകളിൽ ആണ് കരിമണൽ എന്ന് പൊതുവെ വിളിക്കുന്നതും എന്നാൽ 1957 ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റിന്റെ ഒന്നാം ഷെഡ്യൂളിന്റെ പാർട് - ബി യിൽ ഉൾപ്പെടുന്നതുമായ "ബീച്ച് സാൻഡ് മിനറൽസ്" കാണപ്പെടുന്നത്. അതിൽ തന്നെ "ചവറ ഡെപ്പോസിറ്റ്" എന്നത് ബീച്ച് |

| | | | |
|---|---|---|---|
| | | | സാൻഡ് മിനറലുകളുടെ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു നിക്ഷേപമാണ്. ഓഫ്ഷോർ ആക്ടിലും അതിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായിട്ടുള്ള ചട്ടങ്ങളിലും, ഓഫ്ഷോർ ധാതുക്കളുടെ കാര്യനിർവഹണ വ്യവസ്ഥകളിൽ സുതാര്യതക്കുറവും സ്വകാര്യ മേഖലയുടെ പങ്കാളിത്തവും സ്വകാര്യ മേഖലയ്ക്ക് ഖനനത്തിന് അനുമതി നൽകുമ്പോൾ സംസ്ഥാനത്തിന്റെ അഭിപ്രായം തേടാത്ത സാഹചര്യങ്ങളും ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ നിലപാട് ബഹു. മുഖ്യമന്ത്രി ബഹു. പ്രാധാന മന്ത്രിയെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. |
| (സി) | പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെ ഈ നിയമം എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | കടൽ തീരത്ത് നിന്ന് 12 നോട്ടിക്കൽ മൈലിന് ശേഷമുള്ള കടൽ മണൽ ഖനനം വലിയ രീതിയിൽ സ്വകാര്യ കമ്പനികൾ നടത്തുകയാണെങ്കിൽ അതോടൊപ്പമുള്ള ധാതുമണൽ കെ.എം.എം.എൽ-നും സംസ്ഥാനത്തിനും നഷ്ടപ്പെടുകയും, മാത്രമല്ല ഭാവിയിൽ ബീച്ച് വാഷ് വഴി ലഭിക്കുന്ന കരിമണലിന്റെ ലഭ്യതയെ വലിയ തോതിൽ ബാധിക്കുകയും, അത് കെ.എം.എം.എൽ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ